# മനോരമയും സ്ത്രീപീഡനവും

## പരപത്രദൂഷണം

ദോഷൈകദൃക്ക്

മലയാളമനോരമയുടെ 2000 ഡിസംബർ 16 ലക്കത്തിൽ വന്ന രണ്ട് കാർട്ടൂണുകളും ഒരു ഫലിതവും നോക്കൂ. സ്ത്രീപീഡനം പോലുള്ള തീക്ഷ്ണവിഷയങ്ങളെ നേരമ്പോക്കുകളായി നോക്കിക്കാണുന്ന പുരുഷസമൂഹത്തിന് ഒരു പ്രസിദ്ധീകരണം ഇങ്ങനെ പിന്തുണനൽകുന്നതാണ് അപകടം.

സ്ത്രീപീഡനം സ്ത്രീക്ക് പുരുഷനെ ഭീഷണിപ്പെടുത്താനുള്ള ഒരു ആയുധമാണെന്നും യാതൊരു കാരണവുമില്ലാതെ സ്ത്രീ അത് പ്രയോഗിച്ചേക്കുമെന്നുമാണ് ഒരു



കാർട്ടൂണിലെ അന്തസ്സാരം.

സ്ത്രീപീഡനത്തിനിരയായാലുള്ള മെച്ചങ്ങളിലേയ്ക്ക് കണ്ണെറിയുകയാണ് ടോർപിഡോ കാർട്ടൂൺ ചെയ്യുന്നത്.

പീഡനത്തിനിരയായ പെൺകുട്ടിക്ക് അനായോജ്യനായ വരൻ ഒന്നിലേറെ പീഡനകേസ്സുകളിൽ പ്രതിയാവുന്ന ഒരാളായിരിക്കുമെന്ന് ഫലിതവും സ്ഥാപിക്കുന്നു.

ഇതിനൊക്കെ പുറമെ ഇതേ ലക്കത്തിലെ വനിതാവേദിയുടെ തലക്കെട്ടും ഭർത്താവിൽ നിന്നും സ്ത്രീപീഡനം എന്നാണ്. ഭർത്താവിൽ നിന്നും പീഡനം എന്നുമാത്രം വയ്ക്കേണ്ടിടത്ത് മനപ്പൂർ



വ്വം സ്ത്രീപീഡനം എന്നതന്നെ കുത്തിത്തിരുകിയത് ഇപ്പോൾ ആ വാക്കിനുള്ള മാർക്കറ്റിംഗ് വാല്യൂ കണ്ടുകൊണ്ട് മാത്രമാണ്. ഈ വനിതാവേദി കത്തിന് ചേച്ചി നൽകുന്ന മറുപടിയിലെ അവസാന രണ്ടുവരി നോക്കുക - "പഠിച്ച് ഒരു ജോലി സമ്പാദിക്കണം. അതിൽ നിന്നു ലഭിക്കുന്ന ആത്മവിശ്വാസം ഏതു പ്രശ്നത്തേയും നേരിടാൻ കരുത്തുനൽ

**വിവാഹദല്ലാളിനോട് പെണ്ണിന്റെ അച്ഛൻ: "കാര്യങ്ങൾ തുറന്നു പറയുന്നതാണല്ലോ ഭംഗി... എന്റെ മോളെ മുമ്പ് ഒരാൾ പീഡിപ്പിച്ചിട്ടുണ്ട്...!"**

**ദല്ലാൾ: "അതു സാരമില്ല... നമ്മൾ ആലോചിക്കുന്ന പയ്യൻ... രണ്ടുമൂന്നു സ്ത്രീപീഡനക്കേസിൽ പ്രതിയാണ്...!!"**

**അബ്ദുലൈസ്, ഒലിപ്പുഴ.**

കും". എപ്പടി? ഏതു പ്രശ്നത്തേയും നേരിടാനുള്ള ആത്മവിശ്വാസം നൽകുന്നതാണ് തൊഴിൽലാഭം എന്ന ഒറ്റമൂലി. (ചേച്ചി മനശ്ശാസ്ത്രം പഠിച്ചിട്ടുണ്ട് എന്ന് ഈ കത്തിൽ വെളിപ്പെടുത്തുന്നുണ്ട്. ഇനി ഇങ്ങിനെ വല്ല മനശ്ശാസ്ത്രസിദ്ധാന്തവുമുണ്ടായിരിക്കുമോ?)

(ദൽഹിയിൽ നിന്നും രതീസത്യൻ അയച്ചത്)

## 'വനിത'യുടെ പാമോയിൽ പ്രചാരണം


ഇത് 2000 ഡിസംബർ 1-14 ലക്കം. വനിതയുടെ ഒന്നാം പേജാണ് - ആരോഗ്യഭക്ഷണം. ആരോഗ്യചിന്തകളാൽ ആകുലരായ മലയാളിവനിതകളെ ആകർഷിക്കുന്ന തലക്കെട്ട്. ശ്രദ്ധേയമായ ഒരു ചിത്രം. എന്താണാവോ താഴെ എഴുതിയിരിക്കുന്നത് എന്ന് ആരും വായിച്ചുനോക്കുന്ന അവതരണം.

അതെ, വനിത പാമോയിൽ വിൽക്കുകയാണ്.

ആരോഗ്യത്തിന് ശത്രുവായ 'ഫാസ്റ്റ്ഫുഡ്' ഗണത്തിൽപ്പെടുന്ന ബർഗറുകൾ പോലും മലേഷ്യൻ പാം ഓയിലിൽ പാചകം ചെയ്യുമ്പോൾ 'ഹെൽത്ത് ഫുഡ്' ആയി മാറുമെന്നാണ് അടിക്കുറിപ്പ് പറയുന്നത്.

കേരളീയജനത മനസ്സുകൊണ്ടും ഹൃദയംകൊണ്ടും ബുദ്ധികൊണ്ടും വികാരംകൊണ്ടും പാമോയിലിനെതിരെ പ്രതികരിക്കുന്ന ഈ നിർണ്ണായകസന്ദർഭത്തിൽ തന്നെ, മലേഷ്യൻ പാമോയിൽ പ്രമോഷൻ കൗൺസിലിന്റെ ഈ പരസ്യം പ്രദർശിപ്പിക്കാൻ വനിത തയ്യാറായത് ഒരു തുറന്ന വെല്ലുവിളി തന്നെയാണ്.

അതെ, ഏറ്റവും കൂടുതൽ കോപ്പി അടിക്കുന്ന, ഏറ്റവും കൂടുതൽ പേർ വായിക്കുന്ന പത്രത്തിന്റെ സഹോദര പ്രസിദ്ധീകരണവും ഏറ്റവുമധികം വിൽക്കപ്പെടുന്ന വനിതാപ്രസിദ്ധീകരണമാണിത്. ഞങ്ങൾക്ക് പ്രചാരമുണ്ട്, പ്രതാപമുണ്ട്, പ്രമാണിത്തമുണ്ട്. ഇഷ്ടമുള്ളത് ചെയ്യും. ആരുണ്ടെടാ പുല്ലേ, ചോദിക്കാൻ - ഇതാണ് പുറം കത്തുമ്പോൾ ബീഡിക്കുറ്റി കത്തിക്കുന്ന ഈ സ്വഭാവത്തിന്റെ അടി




യിലുള്ള അഹന്ത.

പാമോയിലിനൊടൊപ്പം അതിനു പ്രചാരം നൽകുന്ന ഇത്തരം പ്രസിദ്ധീകരണങ്ങളും വേണ്ടെന്നുവെയ്ക്കണം.

(കൊച്ചിയിൽ നിന്നും സതി കൃഷ്ണകുമാർ അയച്ചുതന്നത്)